# RATHICKAL KOOTTAYMA

## CENTRAL COMMITTEE 2022-2023

സേവനം, സഹായം, സൌഹൃദം, ഉന്നമനം

بِسْمِ اللهِ الرَّحْمٰنِ الرَّحِيْمِ

السَّلَامُ عَلَيْكُم

## CENTRAL COMMITTEE 2022- 2023,
## PERIOD OF REPORT SEPTEMBER 2022 – AUGUST 2023.
## GENERAL BODY – 15.09.2023 - പ്രവർത്തന റിപ്പോർട്ട്

**01/10/2022 നു ജനാബ് തംബിഖാൻ പ്രസിഡന്റ് ആയും ജനാബ് നജീബ് സെക്രട്ടറി ആയും ജനാബ് അസീം ട്രഷറർ ആയും പുതിയ സെൻട്രൽ കമ്മിറ്റി നിലവിൽ വന്നു. സെൻട്രൽ കമ്മിറ്റിയിലെയും ബ്രാഞ്ച് തലത്തിലെയും അംഗങ്ങൾ ഇപ്രകാരമാണ്**

# CENTRAL COMMITTEE: 2022-2023

| CENTRAL COMMITTEE 2022 – 2023. | | | | |
|---|---|---|---|---|
| **Sl No** | **Name** | **Position** | **branch** | **Contact Number** |
| 1 | Mr. Thambi Khan | President | Dubai | 055-39 89 708 |
| 2 | Mr. Asheer Khan | Vice President/Qatar coordinator | Dubai | 050-52 55 952 |
| 3 | Mr. Najeeb Khan | Gen: Secretary | Abu Dhabi | 055-77 16 985 |
| 4 | Mr. Anas Hussain | Joint Secretary | Al Ain | 050-83 29 110 |
| 5 | Mr. Aseem Nuhman | Treasurer | Al Ain | 050-25 29 034 |
| 6 | Mr. Jabbar | Joint Treasurer | Abu Dhabi | 056-22 45 264 |
| 7 | Mr. Azad.A.R | Auditor | Abu Dhabi | |
| 8 | Mr. Ansari | Legal Advisor | Abu Dhabi | |
| 9 | Mr. Baji Abbas | Exe. Committee Member | Qatar | |
| 10 | Mr. Sameer Sadikh | Exe. Committee Member | Qatar | |
| 11 | Mr. Amlad | Exe. Committee Member | Qatar | |
| 12 | Mr. Saju Salim | Exe. Committee Member | Qatar | |
| 13 | Mr. Harsh | Exe. Committee Member | Qatar | |
| 14 | Mr. Sabu | Exe. Committee Member | Qatar | |
| 15 | Mr. Baiju | Exe. Committee Member | Qatar | |
| 16 | Mr. Shahul Hameed | Exe. Committee Member | Dubai | |
| 17 | Mr. Nisamudeen.Y | Exe. Committee Member | Dubai | |
| 18 | Mr. Nisam.A.R | Exe. Committee Member | Dubai | |
| 19 | Mr. Assimudeen | Exe. Committee Member | Al Ain | |
| 20 | Mr, Shibu Yusuf | Exe. Committee Member | Al Ain | |
| 21 | Mr. Ullas M I | Exe. Committee Member | Al Ain | |
| 22 | Mr. Althaf | Exe. Committee Member | Rathickal | |
| 23 | Mr. Rasheed.A.S | Exe. Committee Member | Rathickal | |
| 24 | Mr. Shamsudeen | Exe. Committee Member | Rathickal | |
| 25 | Mr. Amlad Sathar | Exe. Committee Member | Abu Dhabi | |
| 26 | Mr. Hajas | Exe. Committee Member | Abu Dhabi | |
| 27 | Mr. Sajeem | Exe. Committee Member | Abu Dhabi | |

# RATHICKAL KOOTTAYMA

## CENTRAL COMMITTEE 2022-2023

സേവനം, സഹായം, സൌഹൃദം, ഉന്നമനം

# ABU DHABI BRANCH COMMITTEE: 2022-2023

| ABU DHABI BRANCH – WORKING COMMITTEE -2022-2023 | | | | |
|---|---|---|---|---|
| Sl No | Name | Position | Contact Number | Remarks |
| 1 | Mr. Amlad Sathar | President | | |
| 2 | Mr. Siddique | Vice President | | |
| 3 | Mr. Hajas | Secretary | | |
| 4 | Mr. Jahas | Joint Secretary | | |
| 5 | Mr. Aji Hameed | Treasurer | | |
| 6 | Mr. Jabbar | Joint Treasurer | | |
| 7 | Mr. Sajeem Subair | Auditor | | |
| 8 | Mr. Jaseer | Member | | |
| 9 | Mr. Naseer Khan | Member | | |
| 10 | Mr. Abbas | Member | | |
| 11 | Mr. Kabeer Vetoor | Member | | |
| 12 | Mr. Mehaboob | Member | | |
| 13 | Mr. Asad | Member | | |
| 14 | Mr. Asad A R | Member | | |
| 15 | Adv. Ansari | Member | | |
| 16 | Mr. Nabeel Lambrath | Member | | |
| 17 | Mr. Jabbar | Member | | |
| 18 | Mr. Nujumudeen Sakhafi | Member | | |
| ABU DHABI BRANCH - CENTRAL COMMITTEE MEMBERS 2022-2023. | | | | |
| 1 | Mr. Amlad Sathar | President | | |
| 2 | Mr. Hajas | Secretary | | |
| 3 | Mr. Sajeem Subair | Auditor | | |

# AL AIN BRANCH COMMITTEE: 2022-2023

| AL AIN BRANCH – WORKING COMMITTEE -2022-2023 | | | | |
|---|---|---|---|---|
| Sl No | Name | Position | Contact Number | Remarks |
| 1 | Mr. Assimudeen | President | | |
| 2 | Mr. Ullas M I | Vice President | | |
| 3 | Mr. Aseem Nuhman | Secretary | | |
| 4 | Mr. Anas Hussain | Joint Secretary | | |
| 5 | Mr. Shibu Yusuf | Treasurer | | |
| 6 | Mr. Mujeeb M I | Joint Treasurer | | |
| 7 | Mr. Ullas M I | Auditor | | |
| 8 | Mr. Abu Hussain | Member | | |
| 9 | Mr. Saiju Saif | Member | | |
| 10 | Mr. Shuja Bari | Member | | |
| 11 | Mr. Sulaiman | Member | | |
| AL AIN BRANCH - CENTRAL COMMITTEE MEMBERS 2022-2023. | | | | |
| 1 | Mr. Assimudeen | President | | |
| 2 | Mr.Ullas M I | Vice President | | |
| 3 | Mr. Shibu Yusuf | Treasurer | | |

# RATHICKAL KOOTTAYMA

## CENTRAL COMMITTEE 2022-2023

സേവനം, സഹായം, സൌഹൃദം, ഉന്നമനം

# QATAR BRANCH COMMITTEE: 2022-2023

| QATAR BRANCH – WORKING COMMITTEE -2022-2023 | | | | |
|---|---|---|---|---|
| Sl No | Name | Position | Contact Number | Remark |
| 1 | Mr. Sainudeen | Chief Patron | 33607158 | |
| 2 | Mr. Baji Abbas | President | 55923415 | |
| 3 | Mr. Nujum.M | Vice President | 55170174 | |
| 4 | Mr. Sameer Sadikh | Secretary | 55106505 | |
| 5 | Mr. Sudheer sha/ Benser | Joint Secretary | 77186143 /66319476 | |
| 6 | Mr. Amlad | Treasurer | 55183940 | |
| 7 | Mr. Shebin | Auditor | 74028386 | |
| 8 | Mr. Byju Basheer | Area Coordinators | 55374382 | |
| 9 | Mr. Arshad | Area Coordinators | 74453881 | |
| 10 | Mr. Shifan | Area Coordinators | 55228495 | |
| 11 | Mr. Noorsha | Area Coordinators | 55953463 | |
| 12 | Mr. Ameer B | Area Coordinators | 70252998 | |
| 13 | Mr. Asari | Area Coordinators | 55493151 | |
| 14 | Mr. Tahir | Area Coordinators | 77255437 | |
| 15 | Mr. Anil | Area Coordinators | 66865028 | |
| 16 | Mr. Shuja Shanned | Area Coordinators | 77172123 | |
| 17 | Mr. Noushad | Area Coordinators | 77601896 | |
| 18 | Mr. Rasah M.I | Area Coordinators | 55632264 | |
| 19 | Mr. Basari A | | | |
| 20 | Mr. Thasee A | | | |
| 21 | Mr. Nasar M I | | | |
| 22 | Mr. Sabu A | | | |
| 23 | Mr. Thansil A | | | |
| 24 | Mr. Sajeev S | | | |
| 25 | Mr. Shanavas A | | | |
| QATAR BRANCH - CENTRAL COMMITTEE MEMBERS 2022-2023. | | | | |
| 1 | Mr. Baji Abbas | President | | |
| 2 | Mr. Sameer Sadikh | Secretary | | |
| 3 | Mr. Amlad | Treasurer | | |
| 4 | Mr. Arshad A R | Former President | | |
| 5 | Mr. Saju Saleem | Former Secretary | | |
| 6 | Mr. Sabu M I | | | |
| 7 | Mr. Baiju | | | |

# RATHICKAL KOOTTAYMA

## CENTRAL COMMITTEE 2022-2023

സേവനം, സഹായം, സൌഹൃദം, ഉന്നമനം

# RATHICKAL BRANCH COMMITTEE: 2022-2023

| RATHICKAL BRANCH – WORKING COMMITTEE -2022-2023 | | | | |
|---|---|---|---|---|
| Sl No | Name | Position | Contact Number | Remarks |
| 1 | Mr. Althaf | President | | |
| 2 | Mr. Abdul Samad | Vice President | | |
| 3 | Mr. Rasheed A S | Secretary | | |
| 4 | Mr. Nadarsha | Joint Secretary | | |
| 5 | Mr. Shamsudeen | Treasurer | | |
| 6 | Mr. Abdul Klam | Member | | |
| 7 | Mr. Kamil | Member | | |
| 8 | Mr. Iqbal | Member | | |
| 9 | Mr. Mahamood | Member | | |
| 10 | Mr. Shafi N | Member | | |
| 11 | Mr. Fazil | Member | | |
| 12 | Mr. Kalam P | Member | | |
| 13 | Mr. Ansar | Member | | |
| 14 | Mr. Thaha | Member | | |
| 14 | Mr. Abdul Aziz | Member | | |
| 16 | Mr. rafi ismail | Member | | |
| 17 | Mr. shaji A S | Member | | |
| 18 | Mr. shihabudeen | Member | | |
| 19 | Mr. Abdul Shukoor | Member | | |
| 20 | Mr. Shaji S | Member | | |
| 21 | Mr. Sajir K | Member | | |
| 22 | Mr. Mujeeb | Member | | |
| 23 | Mr. Noushad A R | Member | | |
| 24 | Mr. Thahayafid | Member | | |
| 25 | Mr. Haroon I | Member | | |
| 26 | Mr. Rafi Valiyaveedu | Member | | |
| 27 | Mr. Gaffar | Member | | |
| 28 | Mr. Jasim Sulfeekar | Member | | |
| RATHICKAL BRANCH - CENTRAL COMMITTEE MEMBERS 2022-2023. | | | | |
| 1 | Mr. Althaf | President | | |
| 2 | Mr. Rasheed A S | Secretary | | |
| 3 | Mr. Shamsudeen | Treasurer | | |

# RATHICKAL KOOTTAYMA

## CENTRAL COMMITTEE 2022-2023

സേവനം, സഹായം, സൌഹൃദം, ഉന്നമനം

# DUBAI BRANCH COMMITTEE: 2022-2023

| DUBAI BRANCH – WORKING COMMITTEE -2022-2023 | | | | |
|---|---|---|---|---|
| Sl No | Name | Position | Contact Number | Remarks |
| 1 | Mr. Shahul Hameed | President | 050-35 31 575 | |
| 2 | Mr. Husain | Vice President | | |
| 3 | Mr. Y. Nisamudeen | Secretary | 050-69 36 584 | |
| 4 | Mr. Anas Sainuden | Joint Secretary | | |
| 5 | Mr. Nissam A. R | Treasurer | 050-34 38 347 | |
| 6 | Mr. Aybak M I | Member | | |
| 7 | Mr.Asheerkhan | Member | | |
| 8 | Mr. Shameer. | Member | | |
| 9 | Mr. Maheen | Member | | |
| 10 | Mr. Ameerjan | Member | | |
| 11 | Mr. Amlad Abdulvahab | Member | | |
| 12 | Mr. Thambikhan | Member | | |
| 13 | Mr. Husain | Member | | |
| 14 | Mr.Shafiq | Member | | |
| 15 | Mr. Anas Sainuden | Member | | |
| 16 | Mr.sameer Mohammed | Member | | |
| 17 | Mr.Hilal | Member | | |
| DUBAI BRANCH - CENTRAL COMMITTEE MEMBERS 2022-2023. | | | | |
| 1 | Mr. Shahul Hameed | President | | |
| 2 | Mr. Y. Nisamudeen | Secretary | | |
| 3 | Mr. Nissam A. R | Treasurer | | |

# DIRECTOR BOARD MEMBERS 2022-2023.

| DIRECTOR BOARD MEMBERS 2022-2023. | | | | |
|---|---|---|---|---|
| Sl No | Name | Branch | Contact Number | Remarks |
| 1 | Mr. Asheer Khan | Dubai | | DB Chairman |
| 2 | Mr. Thambi Khan | Dubai | | CC President |
| 3 | Mr. Althaf | Rathickal | | |
| 4 | Mr. Abdul Samad | Rathickal | | |
| 5 | Mr. Ansar | Rathickal | | |
| 6 | Mr.Hussain | Rathickal | | |
| 7 | Mr. Abbas Baji | Qatar | | |
| 8 | Mr. Saheer | Qatar | | |
| 9 | Mr. Sajeem Subair | Abu Dhabi | | |
| 10 | Mr. Ullas M I | Al Ain | | |

# RATHICKAL KOOTTAYMA

## CENTRAL COMMITTEE 2022-2023

സേവനം, സഹായം, സൌഹൃദം, ഉന്നമനം

| HIGH POWER COMMITTEE MEMBERS 2022-2023. | | | | |
|---|---|---|---|---|
| Sl No | Name | Branch | Contact Number | Remarks |
| 1 | Mr. Kamil | Rathickal | | Chairman |
| 2 | Mr. Fasil | Rathickal | | |
| 3 | Mr. Iqbal | Rathickal | | |
| 4 | Mr. Mahamood | Rathickal | | |
| 5 | Mr. Nadarsha | Rathickal | | |
| 6 | Mr. Kalam | Rathickal | | |
| 7 | Mr. Shafi | Rathickal | | |

ഈ കമ്മറ്റി ചുമതല ഏറ്റെടുത്ത് വ്യെക്തമായ ലക്ഷ്യ ബോധത്തോടു കൂടിയാണ്

## കമ്മറ്റിയ്യുടെ പ്രഥമ ലക്ഷ്യങ്ങൾ

- ചാരിറ്റി/പെൻഷൻ നു കൂടുതൽ സ്പോൺസർമാരെ കണ്ടെത്തുക. ഒരു പെൻഷനറെ ഒന്നിൽ കൂടുതൽ ആളുകൾ സ്പോൺസർ ചെയ്യുന്നതിലൂടെ ഇത് പ്രാവർത്തികമാക്കാൻ കഴിയും.
- ആക്റ്റീവ് അംഗങ്ങളിൽ നിന്നും കൃത്യമായി ചാരിറ്റി പിരിച്ചെടുക്കുക.
- കൂടുതൽ അംഗങ്ങളെ ആക്റ്റീവ് ആക്കുക
- പുതിയ അംഗങ്ങളെ കണ്ടെത്തുക
- മൈനസ് ബാലസിൽ പോകുന്ന ചാരിറ്റി ഫണ്ട് സമ്പുഷ്ട്ട മാക്കുക. -
- റാക് ഏറ്റെടുക്കുന്ന മെഡിക്കൽ സ്റ്റോർ ലാഭത്തിലാക്കാൻ പറ്റുന്ന കഴിയുന്ന കാര്യങ്ങൾ ചെയ്യുക.
- അംഗങ്ങളുടെ പങ്കാളിത്തം റാക് മാർട്ടിലും മെഡിക്കൽ സ്റ്റോറിലും കൂടുതൽ ഉറപ്പാക്കുക

പുതിയ കമ്മറ്റി നിലവിൽ വന്ന ഉടൻ ഖത്തർ കമ്മറ്റിയിലെ സെക്രട്ടറിയും മൂന്ന് എക്സിക്യൂട്ടീവ് അംഗങ്ങളും രാജിവച്ചു. അവർ അവരുടെ നിലപാടിൽ ഉറച്ചു നിന്നതിനാൽ CC യും ഹൈ പവർ കമ്മറ്റിയും സംയോജിതമായി  ഇടപെടുകയും സെക്രട്ടറിയായി ജനാബ് നാസർ മുന്നോട്ടു വരികയും ഒപ്പം  മറ്റു എക്സിക്യൂട്ടീവ്

അംഗങ്ങളെയും തിരഞ്ഞെടുക്കുകയും പ്രശ്നത്തിന് പരിഹാരം കാണുകയും ചെയിതു.

അംഗങ്ങൾക്ക് ഇടയിലുള്ള പ്രശ്നപരിഹാരത്തിന് ഹൈപ്പർ കമ്മറ്റിയെ ഏൽപ്പിച്ചെങ്കിലും ഹൈപ്പർ കമ്മിറ്റിക്ക് അംഗങ്ങളെ നേരിൽകണ്ട് പ്രശ്നത്തിൽ ഇടപെടാൻ സാധിക്കാത്തതിനാൽ പ്രശ്നപരിഹാരത്തിന് പരിമിതികൾ ഉണ്ടായിരുന്നു. പല അവസരങ്ങളിലും സെൻട്രൽ കമ്മിറ്റി ഈ പ്രശ്നപരിഹാരത്തിന് ശ്രമിച്ചെങ്കിലും ഉദ്ദേശിച്ച ഫലം കാണാതെ പോയി. ജനാബ് ഇക്ബാൽ, സെൻട്രൽ കമ്മിറ്റി പ്രസിഡൻറ് ജനാബ് തമ്പി ഖാൻ എന്നിവർ മുൻകൈയെടുത്ത് സെൻട്രൽ കമ്മിറ്റിയുടെ അംഗീകാരത്തോടുകൂടി സംഘടിപ്പിച്ച ഒരു സൗഹൃദ കൂട്ടായ്മയിലൂടെ ഈ പ്രശ്നത്തിന് പരിഹാരം കാണുന്നതിനു തുടക്കം കുറിച്ചു. ഭാവിയിൽ ഇത്തരം സൗഹൃദ കൂട്ടായ്മകൾ തുടർന്നും സംഘടിപ്പിക്കാനും ഇതിലൂടെ അകന്നു നിൽക്കുന്നവരെ ഒരുമിപ്പിക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

മുൻ കഴിഞ്ഞ കമ്മിറ്റിയിൽ എന്നപോലെ സംഘടനയുടെ കേന്ദ്രീകൃത സ്വഭാവ നിലനിർത്താനും ബ്രാഞ്ചുകളുടെ സ്പന്ദനം അറിഞ്ഞ് ആശയങ്ങളും തീരുമാനങ്ങളും കൊണ്ടുവരാനും സെൻട്രൽ കമ്മിറ്റി പ്രസിഡൻറ് സെക്രട്ടറിമാരെ ഏരിയ കമ്മിറ്റികളുടെ എക്സിക്യൂട്ടീവ് ഗ്രൂപ്പിൽ ചേർക്കാൻ ബ്രാഞ്ച് കമ്മിറ്റികൾക്ക് നിർദ്ദേശം നൽകിയിരുന്നു. എന്നാൽ ബ്രാഞ്ചുകളിൽ നടക്കുന്ന പ്രാഥമിക ചർച്ചകളിൽ തീരുമാനം ആകുന്നതിന് മുമ്പ് പുറത്ത് അറിയാൻ സാധ്യതയുണ്ട് എന്ന കാരണം പറഞ്ഞു ഖത്തർ കമ്മിറ്റിയും അലൈൻ കമ്മിറ്റിയും പ്രസിഡൻറ് സെക്രട്ടറിമാരെ അവരുടെ എക്സിക്യൂട്ടീവ് ഗ്രൂപ്പിൽ ചേർത്തില്ല. ഖത്തർ ബ്രാഞ്ചിൽ അംഗങ്ങൾക്കിടയിൽ ഉടലെടുത്ത പ്രശ്നങ്ങൾക്ക് സെൻട്രൽ കമ്മിറ്റിയുടെ മേൽനോട്ടം ഉണ്ടായിരുന്നുവെങ്കിൽ പ്രശ്നങ്ങൾ ഇത്രയ്ക്ക് സങ്കീർണമായി മാറുമായിരുന്നില്ല. വരുംകാലങ്ങളിൽ എങ്കിലും ബ്രാഞ്ചുകൾ പൂർണമായും സെൻട്രൽ കമ്മിറ്റിയുടെ നിർദ്ദേശം അനുസരിച്ച് പ്രവർത്തിക്കുന്ന രീതിയിൽ ആയിരിക്കണം ഇതിന് ആവശ്യമെങ്കിൽ നിയമനിർ നിർമ്മാണം തന്നെ കൊണ്ടുവരണം. ഇത് സംഘടനയുടെ കെട്ടുറപ്പിനും നിലനിൽപ്പിനും വളരെയധികം അത്യന്താപേക്ഷിതമാണ്.

ഈ കാലയളവിൽ , 7 CC മീറ്റിങ്ങും, 5 ജോയിന്റ് കമ്മിറ്റി മീറ്റിങ്ങും, 2 മെറിറ്റ് എവെനിംഗ് മീറ്റിങ്ങും , ഒരു ഫാർമസി മീറ്റിങ്ങും, ഒരു ഹൈപവർ കമ്മറ്റി മീറ്റിങ്ങും , ഒരു അർദ്ധവാർഷിക ജനറൽ ബോഡിയും കൂടുകയുണ്ടായി ഈ കമ്മറ്റിയുടെ കാലയളവിൽ ഇത്രയും മീറ്റിംഗുകൾ കൂടിയത് സമയ ബന്ധിതമായി തീരുമാനങ്ങൾ എടുക്കുന്നതിനും , പ്രശനങ്ങൾക്കു വേഗം പരിഹാരം കാണുന്നതിനും കാരണമായി.

ഓൺലൈൻ മീറ്റിംഗുകളിൽ മിക്കവാറും എല്ലാ അംഗങ്ങളും പങ്കെടുത്തിരുന്നെങ്കിലും, സ്വതന്ത്രമായ അഭിപ്രായ പ്രകടങ്ങൾ നടത്തിയവർ കുറവായിരുന്നു. റാത്തിക്കൽ ബ്രാഞ്ചിന്റെ പ്രസിഡന്റ് പലപ്പോഴും ജോലിത്തിരക്ക് മൂലമാകാം മീറ്റിംഗുകളിൽ പങ്കെടുത്തിരുന്നില്ല. അർദ്ധ വാർഷിക ജനറൽ ബോഡിയിൽ അൽ ഐൻ ബ്രാഞ്ചിൽ നിന്നും ആരും പങ്കെടുത്തിരുന്നില്ല. വാരാന്ത്യ അവധിയിലെ മാറ്റങ്ങൾ മൂലമാണ് മീറ്റിംഗിൽ പങ്കെടുക്കാൻ കഴിയാതിരുന്നത് എന്ന് അറിയിച്ചിരുന്നു.

ഈ കമ്മറ്റിയുടെ കാലയളവിൽ ഖത്തറിൽ നിന്നും , 37 ഉം , ദുബൈ ബ്രാഞ്ചിൽ നിന്ന് അഞ്ചും അബുദാബി ബ്രാഞ്ചിൽ നിന്ന് രണ്ട് അംഗങ്ങളും അലൈനിൽ നിന്ന് ഒരു അംഗവും പുതുതായി ചേർന്നു. ഈ കാലയളവിൽ 45 പേർ നമ്മുടെ കൂട്ടായ്മയിൽ അംഗങ്ങളായി.

കൂടുതൽ അംഗങ്ങളും സംഘടനയിൽ ചേർന്നത് ഖത്തർ ബ്രാഞ്ചിൽ നിന്നാണ്. ഇത്രയും അംഗങ്ങൾ സംഘടനയിൽ ചേർന്നത് ചാരിറ്റിക്ക് ഗുണം ആകുമെങ്കിലും പല അംഗങ്ങളും മെമ്പേഴ്സ് വെൽഫെയർ ഫണ്ടിൽ നിന്നുള്ള ആനുകൂല്യം പ്രതീക്ഷിച്ചുകൊണ്ട് കൂടിയും ചേർന്നവരാകാം എന്ന് വിചാരിക്കേണ്ടിയിരിക്കുന്നു. അതിനാൽ ഇപ്പോൾ നിലവിലുള്ള പ്രായോഗികമല്ലാത്ത വെൽഫെയർ ഫണ്ട് സംഘടനയ്ക്ക് ബാധ്യതയായി മാറിയിരിക്കുകയാണ്.

ഇപ്പോൾ നമ്മുടെ സംഘടനയിലുള്ള അംഗങ്ങൾ പ്രകാരമാണ്

| BRANCH | TOTAL MEMBERS | ACTIVE MEMEBRS | MEMBERS IN WELFARE |
|---|---|---|---|
| QATAR | 709 | 465 | |
| AL AIN | 32 | 32 | 18 |
| ABU DHABI | 80 | 50 | 30 |
| DUBAI | 105 | 70 | 10 |
| RATHICKAL | 68 | 68 | 30 |
| | 994 | 685 | 88 |

## ഹൈപവർ കമ്മിറ്റി:

സെൻട്രൽ കമ്മിറ്റിയുടെ  യുടെ ആദ്യ ഉത്തരവിദിത്വമായിരുന്നു ഹൈ പവർ കമ്മറ്റിയെ തിരഞ്ഞെടുക്കുക എന്നത്. ഹൈ പവർ കമ്മറ്റിയുടെ തെരഞ്ഞെടുപ്പിനായി നിർദ്ദേശിക്കപ്പെട്ട കുറച്ചു പേരുകളിലും അല്ലാതെയും അംഗങ്ങളുടെ ഇടയിൽ വോട്ടിങ് നടന്നു. മുഴുവൻ അംഗങ്ങളും രഹസ്യമായും അല്ലാതെയും വോട്ടിങ്ങിൽ പങ്കെടുക്കുകയും ജനാധിപത്യ രീതിയിൽ ജനാബ്

**കാമിൽ അവർകൾ ചെയർമാൻ ആയി ഒരു പതിയ ഹൈ പവർ കമ്മറ്റി നിലവിൽ വരികയും ചെയിതു.**

**ഹൈപ്പർ കമ്മിറ്റി കമ്മറ്റിയെ തിരഞ്ഞെടുത്ത രീതി സെൻട്രൽ കമ്മിറ്റിയിലെ തന്നെ പല അംഗങ്ങൾക്കും യോജിപ്പില്ലായിരുന്നു എങ്കിലും മുൻകഴിഞ്ഞ കമ്മറ്റി ഹൈപ്പർ കമ്മിറ്റിയുടെ തിരഞ്ഞെടുപ്പിന് അവലംബിച്ച അതേ രീതി തന്നെ സ്വീകരിച്ചു. ഹൈപ്പർ കമ്മിറ്റിയുടെ തിരഞ്ഞെടുപ്പ് രീതിയിൽ പ്രതിഷേധിച്ച് ജനാബ് ഇഖ്ബാൽ കമ്മറ്റിയുടെ പ്രവർത്തനങ്ങളിൽ നിന്ന് വിട്ടുനിന്നിരുന്നു. ഭാവിയിൽ കുറ്റമറ്റ രീതിയിൽ ഹൈപ്പർ കമ്മിറ്റിയുടെ തെരഞ്ഞെടുപ്പ് നടത്താൻ ശ്രമിക്കണമെന്ന് നിർദ്ദേശിക്കുന്നു.**

**09-07-2023 സംഘടിപ്പിച്ച ഹൈപ്പർ കമ്മിറ്റിയുടെ മീറ്റിംഗ് വിളിക്കുകയുണ്ടായി. മുൻപ് UAE യിൽ ഉണ്ടായിരുന്ന മുതിർന്ന അംഗങ്ങൾ പ്രശ്നങ്ങൾ രമ്യതയോടെ പരിഹരിച്ചിരുന്നു , ഇപ്പോൾ അവർ പലരും നാട്ടിലാണ്. അവരുടെ അഭാവം വളരെ വലുതാണ്. ഹൈ പവർ കമ്മറ്റി കൂടുതൽ ജാഗ്രത പുലർത്തേണ്ടതുണ്ട്. ഇപ്പോൾ ചിലരിൽ കണ്ടുവരുന്ന നേതൃത്വത്തിലുള്ള വ്യെക്തികളെ നോക്കി സംഘടനയോട് സഹകരിക്കുകയും സഹകരിക്കാതിരിക്കുകയും ചെയ്യുന്നത് ഒരു തെറ്റായ സമീപനമാണ്. ഇടപെടൽ വിപുലമാക്കിയും, സെൻട്രൽ കമ്മറ്റിയുടെ നിർദേശപ്രകാരം ഇല്ലാതെ തന്നെ പ്രശ്നങ്ങളിൽ ഇടപെടാൻ അധികാരം നൽകിയും ഹൈ പവർ കമ്മറ്റി യുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കാൻ കഴിയും. ഇതിനുള്ള അധികാരം ജനറൽ ബോഡിയിൽ അവതരിപ്പിച്ചു അംഗീകാരം നേടാൻ നിർദ്ദേശിക്കുന്നു.**

## <u>ഒറ്റത്തവണ ചാരിറ്റി സഹായ ഫണ്ട് :</u>

**സംഘടനയിലേക്ക് വന്നുചേരുന്ന സാമ്പത്തിക അപേക്ഷകളുടെ എണ്ണം വർധിച്ചിരിക്കുകയാണ്. സമീപപ്രദേശങ്ങളിൽ നിന്നുപോലും വരുന്ന അപേക്ഷകൾ റാക്ക് എന്ന സംഘടനയുടെ ഖ്യാതി വർദ്ധിച്ചിരിക്കുന്നു എന്ന് മനസ്സിലാക്കാം. എന്നാൽ വരുന്ന മുഴുവൻ അപേക്ഷകളെയും പരിഗണിക്കാനുള്ള സാമ്പത്തിക ഭദ്രത നാം ഇനിയും നേടിയിട്ടില്ല. 6,04,996.00 INR ചാരിറ്റി ദിനത്തിൽ കളക്റ്റ് ചെയ്യുകയുണ്ടായി. ഊഴം അനുസരിച്ച് പെൻഷൻ തുക അയക്കുന്നതിനോടൊപ്പം ആവശ്യമുള്ള സഹായവും ബ്രാഞ്ചുകളിൽ നിന്നും എത്തിക്കുന്നു. ബ്രാഞ്ചുകൾക്ക് അധിക ബാധ്യത വരാതെ 25000 ത്തിൽ കൂടുതൽ വരുന്ന സഹായങ്ങൾ മറ്റു ബ്രാഞ്ചുകൾ പങ്കിട്ട് അയക്കുന്നു. ഇത്തരത്തിൽ മൈനസ് ബാലൻസിൽ (- 1,16,459.00 INR) ആയിരുന്ന നമ്മുടെ ചാരിറ്റി ഫണ്ടിൽ ഇപ്പോൾ 74,996 രൂപ ബാക്കിയുണ്ട്.**

ബ്രാഞ്ചുകളിൽ നിന്ന് അയച്ച ഫണ്ട് കൂടാതെ റാക്ക് മാർട്ടിന്റെ ഡിസ്ട്രിബ്യൂഷൻ സമയത്ത് മൂന്ന് തവണകളായി ഷെയർ ഇനത്തിലും റാക്ക് സക്കാത്ത് ഇനത്തിലും ആയി ഒരു 1,66,104.00 രൂപ കൂടി ചാരിറ്റി ഫണ്ടിലേക്ക് ചേർക്കുകയുണ്ടായി. ഇത് നമ്മുടെ മാറിമാറി വന്ന് DB അംഗങ്ങളുടെ ആത്മാർത്ഥവും നിസ്വാർത്ഥവുമായ പ്രവർത്തനം മൂലമാണ്. എന്നാൽ നാം തന്നെ തെരഞ്ഞെടുത്ത നമ്മുടെ ഡി ബി അംഗങ്ങളുടെ മേൽ തെളിവില്ലാത്ത , വിശ്വാസയോഗ്യമല്ലാത്ത ആരോപണങ്ങൾ ഉന്നയിക്കപ്പെട്ടതായി ശ്രദ്ധയിൽപ്പെട്ടു. സ്വന്തം സമയവും ആരോഗ്യവും കണക്കിലാക്കാതെ റാക്ക് മാർട്ടിന്റെ പുരോഗതിക്ക് വേണ്ടി അഹോരാത്രം പരിശ്രമിച്ച ആളുകൾക്കും അവരുടെ കുടുംബാംഗങ്ങൾക്കും വരുത്തിയ മനോ വിഷമവും മാനഹാനിയും ആരോപണം ഉന്നയിച്ചവർ ആലോചിക്കാതെ പോയി. ആരോപണങ്ങൾ ഉന്നയിക്കുമ്പോൾ തെളിവോടുകൂടിയും വിശ്വാസയോഗ്യമായ രീതിയിലും ആയിരിക്കണം എന്നുള്ള സാമാന്യ മര്യാദ പോലും ആരോപണമുന്നയിച്ചവർ കാണിച്ചില്ല. ഇനിയെങ്കിലും ഇത്തരം ശിഥില പ്രവർത്തികളിൽ നിന്നും അംഗങ്ങൾ വിട്ടുനിൽക്കണമെന്ന് താഴ്മയായി അപേക്ഷിക്കുന്നു.

## മാസ പെൻഷൻ :

ഈ കമ്മിറ്റി നിലവിൽ വരുമ്പോൾ പെൻഷനായി 60,000 രൂപയാണ് നൽകിവരുന്നത്. ഇപ്പോൾ 39 പേർക്ക് 69,000 രൂപ പെൻഷൻ ആയി നൽകിവരുന്നു ഈ കമ്മിറ്റിയുടെ കാലയളവിൽ പുതുതായി ആറു പേർക്ക് കൂടി പെൻഷൻ അനുവദിക്കുകയുണ്ടായി. പെൻഷൻ റിവ്യൂ ചെയ്തപ്പോൾ നിലവിൽ ഉണ്ടായിരുന്ന ഒരു പെൻഷൻ ക്യാൻസൽ ചെയ്തു കൂടുതൽ അർഹതപ്പെട്ട ഒരാളെ പെൻഷനിൽ ചേർക്കുകയുണ്ടായി. മറ്റൊരു പെൻഷൻ റിവ്യൂ ചെയ്തപ്പോൾ തത്കാലം നിർത്തിവച്ചെങ്കിലും , പിന്നീടും അപേക്ഷിച്ചതിന്റെ പേരിൽ ആ പെൻഷൻ 1000 പുനരാരംഭിച്ചു.

പുതുതായി അനുവദിച്ച 6 പെൻഷനുകളിൽ അഞ്ചു പെൻഷനും സ്പോൺസർമാരെ കണ്ടെത്താനായി. 30000 രൂപ എല്ലാ മാസവും ലഭിച്ചുവരുന്നു. കൂടാതെ കഴിഞ്ഞ രണ്ട് മാസങ്ങളായി ബാക്കിയുള്ള തുക കൂടി ജനാബ് നൗഷാദ് സ്പോൺസർ ചെയ്തതോടെ മുഴുവൻ പെൻഷൻ തുകയും സ്പോൺസർഷിപ്പിലൂടെ ലഭിക്കുന്നു

ഈ കമ്മിറ്റിയുടെ കാലയളവിൽ 7,84,000 പെൻഷൻ ഇനത്തിൽ നൽകിയിരുന്നു . ഇതിൽ അഞ്ചു പ്രാവശ്യം ഖത്തറിൽ നിന്നും ഈ രണ്ടു പ്രാവശ്യം വീതം ദുബായ് അബുദാബി അലൈൻ ബ്രാഞ്ചിൽ നിന്നും ആവശ്യമായ തുക അയച്ചു . കൂടാതെ ഒരു മാസത്തെ മുഴുവൻ തുക ഒരു അംഗവും സ്പോൺസർ ചെയ്തിരുന്നു.

റാക്ക് പെൻഷനായി നൽകുന്ന കൂപ്പണിൽ ഒരു ഭാഗം റാക്ക് മെഡിക്കൽ സ്റ്റോറിൽ നിന്ന് വാങ്ങേണ്ടതാണ്. ഇത് പല രോഗികൾക്കും ഒരു അനുഗ്രഹമാണ്. എന്നാൽ പെൻഷൻ നൽകിവരുന്ന ചിലർക്കെങ്കിലും മരുന്ന് ആവശ്യമില്ലാത്തവരും ചിലർക്ക് മറ്റ് സ്ഥലങ്ങളിൽ നിന്ന് മരുന്ന് മരുന്ന് ലഭിക്കുന്നവരുമാണ്. അത്തരം ആളുകൾ ആവശ്യപ്പെട്ടാൽ അന്വേഷണം നടത്തി ശരിയാണെന്ന് ബോധ്യപ്പെട്ടാൽ മുഴുവൻ തുകയും പൈസയായി അല്ലെങ്കിൽ റാക്ക് മാർട്ടിന്റെ കൂപ്പൺ ആയി നൽകുന്നതായിരിക്കും ഉചിതം.

നമുക്ക് ലഭിക്കുന്ന സഹായ അപേക്ഷകളിന് മേൽ പലപ്പോഴും ഫണ്ടിന്റെ അപര്യാപ്തത കാരണം തീരുമാനം എടുക്കുന്നതിൽ താമസം നേരിടുന്നു. വരും കാലങ്ങളിലും പെന്ഷന് അർഹരായവർ ഉണ്ടെങ്കിൽ പെൻഷൻ സ്പോഎസോഷ്ടിനെ കണ്ടെത്തുന്നത് നല്ലതാകും.

## <u>മെറിറ്റ് ഈവെനിംഗ്:</u>

ഈ വർഷത്തെ മെരിറ്റ് ഈവെനിംഗ് 2022 ഡിസംബർ 24 25 തീയതികളിൽ റാത്തിക്കൽ മദ്രസ അങ്കണത്തിൽ വച്ച് നടന്നു. അതിൻറെ വിജയത്തിന് വേണ്ടി പ്രവർത്തിച്ച ഓരോരുത്തരെയും ഈ കമ്മറ്റി നന്ദി പൂർവം ഓർക്കുകയും പ്രശംസിക്കുകയും ചെയ്യുന്നു. നാട്ടിലെ പ്രോഗ്രാം കമ്മറ്റിയേയും, ഇവിടെ നിന്നും നാട്ടിലേക്കു ലീവിന് പോയ മറ്റു അംഗങ്ങളെയും പ്രത്യേകം ഓർക്കുന്നു .

മെറിറ്റ് ഈവനിംഗ് നോട് അനുബന്ധിച്ച് ലഹരി ഉപയോഗത്തിന്റെ ദോഷഫലങ്ങളെ കുറിച്ച് നാട്ടുകാരെയും യുവാക്കളെയും ബോധവൽക്കരിക്കാനും, ലഹരി ഉപയോഗം കുറയ്ക്കാനും ഉള്ള ഉദ്ദേശത്താൽ കൊണ്ടുവന്ന ലഹരി വിരുദ്ധ ക്യാമ്പയിൻ വിവിധ കാരണങ്ങളാൽ ഉദ്ദേശിച്ച ഫലം കാണാതെ പോയി. ഇങ്ങനെയുള്ള പരിപാടികൾ വിജയിക്കുന്നതിന് കൂടുതൽ പ്ലാനിങ്ങും ജനപിന്തുണയും ആവശ്യമാണ്. ഭാവിയിൽ എങ്കിലും ഇത്തരം കാര്യങ്ങൾ ശ്രദ്ധിച്ചു പരിപാടികൾ ആസൂത്രണം ചെയ്താൽ വിജയം കാണാനാകും

മെരിറ്റ് ഈവെനിംഗ് വളരെ ഭംഗിയായി അവസാനിച്ചെങ്കിലും ഒന്ന് രണ്ടു അനിഷ്ട സംഭവങ്ങൾ നടന്നത് ഒഴിവാക്കുമായിരുന്നു. ആവശ്യമെങ്കിൽ മെരിറ്റ് ഈവെനിംഗ് നടത്താനുള്ള നിയമാവലി പരിശോദിച്ചു മാറ്റങ്ങൾ വരുത്താവുന്നതാണ് . കൂടുതൽ വിപുലമാകണമെങ്കിൽ അതിനുള്ള , കൃത്യമായ നിയമാവലി പാലിച്ചു കൊണ്ട് പ്രവർത്തനം കുറച്ചു കൂടി മുൻപേ തുടങ്ങാവുന്നതാണ് .

## മെഡിക്കൽ സ്റ്റോർ:

മെഡിക്കൽ സ്റ്റോർ പ്രവർത്തനം നമ്മുടെ ഡയറക്ടർ ബോർഡ് ഏറ്റെടുത്തു. കുറച്ചു അധികം മരുന്ന് കളുടെ വില കുറച്ചു , ആവശ്യമുള്ള സ്റ്റാഫിനെ നിയമിച്ചു , മേല്നോട്ടത്തിനും, മരുന്നുകൾ ഓർഡർ ചെയ്യാനും നമ്മുടെ തന്നെ ആളുകളെ ഏർപ്പെടുത്തി. എങ്കിലും ചില കാര്യങ്ങൾ ആശങ്കക്ക് കാരണമാകുന്നു

- മരുന്നുകളുടെ വില കുറച്ചിട്ടും , കഴിയുന്ന അത്രയും പബ്ലിസിറ്റി കൊടുത്തിട്ടും നമ്മുടെ തന്നെ അംഗങ്ങളെ പൂർണ്ണമായും ഇതിലേക്ക് ആകർഷിക്കാൻ ആയിട്ടില്ല
- ഡയറക്ടർ ബോർഡ് ഏറ്റെടുക്കുന്നതിന് മുൻപ് ഉള്ള കാലാവധി തീർന്ന മെഡിസിൻസ് പലതും തിരിച്ചു കൊടുക്കാനായിട്ടില്ല , അത് ഡിസ്പോസ് ചെയ്യേണ്ടി വരും. ഇത് മുൻപ് ജോലിചെയ്തിരുന്ന സ്റ്റാഫിന്റെ ഉത്തരവാദിത്വ കുറവ് മൂലം സംഭവിച്ചതാണ്.
- ഡയറക്ടർ ബോർഡ് ഏറ്റെടുത്തതിനു ശേഷം കാലാവധിതീർന്ന എല്ലാ മെഡിസിനും ക്രെഡിറ്റ് നോട്ട് വാങ്ങി സമയാ സമയം തിരികെ നൽകുന്നുണ്ട്.

ഇതൊക്കെയാണെങ്കിലും ഒരു ഘട്ടത്തിൽ നഷ്ടപ്പെട്ടുപോകും എന്ന് വിചാരിച്ചിരുന്ന നമ്മുടെ മെഡിക്കൽ സ്റ്റോർ ഡയറക്ടർ ബോർഡ് ഏറ്റെടുത്ത ശേഷം ലാഭത്തിലേക്ക് എത്തിക്കാൻ സാധിച്ചിട്ടുണ്ട്. മുൻകാലഘട്ടങ്ങളിൽ സ്റ്റാഫിന്റെ ഉത്തരവാദിത്തമില്ലായ്മ മൂലം ഉണ്ടായ നഷ്ടങ്ങൾക്ക് കഴിവും ആത്മാർത്ഥതയും അർപ്പണബോധവും ഉള്ള സ്റ്റാഫിനെ നിയമിച്ച് മറികടക്കാനായി. കൂട്ടായ പ്രവർത്തനത്തിലൂടെയും കൂടുതൽ ഫലപ്രദമായ ആശയത്തിലൂടെയും മെഡിക്കൽ സ്റ്റാറിന്റെ പ്രവർത്തനം ചെറിയ ലാഭത്തിൽ കൊണ്ടുവരാൻ കഴിഞ്ഞിട്ടുണ്ട്

ഈ കമ്മിറ്റി നിലവിൽ വരുമ്പോൾ കമ്മറ്റിയുടെ പ്രഥമ ലക്ഷ്യങ്ങളിൽ ഒന്നായി എണ്ണിയിരുന്ന ഒന്നായിരുന്നു മടി മെഡിക്കൽ സ്റ്റോറിനെലാഭത്തിൽ കൊണ്ട് വരിക എന്നുള്ളത്. സെൻട്രൽ കമ്മിറ്റിയുടെ നിർദ്ദേശത്തോടുകൂടി ഡയറക്ട ബോർഡ് മെമ്പേഴ്സിന്റെ നേതൃത്വത്തിൽ നമ്മുടെ മെഡിക്കൽ സ്റ്റോറിൽ നിന്ന്

പുരോഗതിയുടെ പാതയിലാണ് ഉള്ളത് ഇതിന് പിന്നിൽ പ്രവർത്തിച്ച ഓരോരുത്തരെയും നാം ഏവർക്കും അറിയാം. എല്ലാവരെയും ഈ അവസരത്തിൽ നന്ദിയോടെ ഓർക്കുന്നു.

## മെംബേർസ് വെൽഫെയർ ഫണ്ട്

**ആപത് കാലത്തു നാം ഏവർക്കും താങ്ങാവുമെന്ന ഉദ്ദേശത്തിൽ ആരംഭിച്ച മെംബേർസ് വെൽഫെയർ ഫണ്ട് തുടർന്ന് കൊണ്ടുപ്പോകാൻ കഴിയാത്ത അവസ്ഥ യിൽ 29 .10 .2022 നു നടന്ന ജോയിന്റ് കമ്മറ്റിയിൽ വെൽഫെയർ ഫണ്ടിന്റെ ഫലപ്രദമായ നടത്തിപ്പിനെ കുറിച്ച് പഠിക്കാൻ 3 അംഗ സമിതിയെ നിയോഗിക്കുകയുണ്ടായി. തുടർന്ന് 23 .12 . 2023 നു നടന്ന സംയുക്ത കമ്മറ്റിയിൽ ആ സമിതി ഒരു റിപ്പോർട്ട് അവതരിപ്പിച്ചു. സമിതിയിലെ ജനാബ് ഇക്‌ബാൽ,ജനാബ് ബസരി എന്നിവർ ഒരേ നിലപാടിൽ നിന്നപ്പോൾ ജനാബ് ഉല്ലസിനു വ്യെത്യസ്തമായ അഭിപ്രായമാണ് ഉണ്ടായിരുന്നത് .**

**ഒരഭിപ്രായ സമനപയമോ , എങ്ങെന വിജയകരമായി വെൽ ഫയർ ഫണ്ട് നടപ്പിലാക്കാൻ കഴിയും എന്നോ തീരുമാനിക്കാൻ പ്രസ്തുത മീറ്റിങ്ങിൽ കഴിഞ്ഞിരുന്നില്ല.**

**തുടർന്നും പല ചർച്ചകളും നടന്നു. മെമ്പേഴ്‌ വെൽഫെയർ ഫണ്ടിന്റെ ആവശ്യകത മുന്നിൽകണ്ട് 350 മുതൽ 450 വരെ അംഗങ്ങളെ ലഭിക്കുമെന്ന് വിശ്വാസത്തിൽ അർദ്ധ വാർഷിക സമ്മേളനത്തിൽ പുതിയ നിയമാവലികളോടുകൂടി വെൽഫെയർ ഫണ്ട് നിലവിൽ വന്നിരുന്നു. എന്നാൽ 300 അംഗങ്ങളെ വരെ പ്രതീക്ഷിച്ചിരുന്ന ഖത്തർ ബ്രാഞ്ചിൽ നിന്നും വെൽഫെയർ ഫണ്ടിൽ ചേരാൻ ആളുകൾ താല്പര്യം കാണിക്കുന്നില്ല. പ്രതീക്ഷിച്ച അംഗബലം ഇല്ലായ്മ വെൽഫെയർ ഫണ്ടിനെ പ്രായോഗികമായി നടപ്പിലാക്കാൻ കഴിയാത്ത അവസ്ഥായിലാണ്. ഇപ്പോൾ ഈ ഫണ്ടിന്റെ ഭാവി എന്താകുമെന്ന് പ്രവചിക്കാൻ കഴിയില്ല. വെൽഫെയർ ഫണ്ട് എങ്ങനെ നടപ്പിലാക്കാം എന്നുള്ള ചുമതല വരുന്ന കമ്മിറ്റിയെ ഏൽപ്പിക്കാൻ തീരുമാനമായി.**

**എന്നിരുന്നാലും ഈ ഫണ്ടിൽ നിന്ന് 2,75,000 രൂപ 4 അംഗങ്ങൾക്കായി നൽകാനായി.**

**മുൻകാലങ്ങളിൽ വെൽഫെയർ ഫണ്ടിന്റെ ആവശ്യങ്ങൾക്കായി ചാരിറ്റിയിൽ നിന്നും ഫണ്ട് എടുത്തിരുന്നു. എന്നാൽ ആ കാലയളവിൽ വെൽഫെയർ ഫണ്ട് കാര്യക്ഷമമായി നടന്നിരുന്നില്ല എന്നതിനാലും തികച്ചും അർഹരായവർക്ക് തന്നെയാണ് ഫണ്ട് നൽകിയത് എന്നതിനാലും ഫണ്ടിൽ നിന്ന് എടുത്ത തുക വെൽഫെയർ ഫണ്ടിലേക്ക് ചേർക്കേണ്ടതില്ല എന്ന് തീരുമാനിച്ചു**

മെംബേർസ് വെൽഫെയർ ഫണ്ടിന്റെ ഈ ദുരവസ്ഥാ അങ്ങേ അറ്റം ആശങ്ക ഉളവാക്കുന്നു എങ്കിലും സൗഹൃദ പരമായ ചർച്ചയിലൂടെ പ്രായോഗിക കരമായ ആശയങ്ങൾ നടപ്പിലാക്കി മെംബേർസ് വെൽഫെയർ ഫണ്ട് വിജയകരമായി മുന്നോട്ടു കൊണ്ട് പോകാൻ കഴിയുമെന്ന് പ്രത്യാശിക്കുന്നു

## റമദാൻ റിലീഫ്

റമദാൻ റിലീഫിന്റെ പ്രവർത്തനങ്ങൾ സെൻട്രൽ കമ്മിറ്റി നിർദ്ദേശിച്ച പ്രകാരം വളരെ നേരത്തെ തന്നെ ആരംഭിച്ചിരുന്നു. ആയതിനാൽ ആവശ്യത്തിലധികം ഫണ്ട് കളക്ട് ചെയ്യാൻ സാധിച്ചു.റമദാൻ റിലീഫിന് ഈ വർഷം 5,30,430 രൂപ ശേഖരിക്കുകയുണ്ടായി ഇതിൽനിന്നും 4,56,000 രൂപ റമദാൻ റിലീഫ് നൽകാനായി ബാക്കിയുള്ള തുക റമദാൻ ഫണ്ടിലേക്ക് ചേർത്തിട്ടുണ്ട്. മുൻവർഷത്തെ നീക്കിയിരിപ്പ് ഈ വർഷം ബാക്കി ആയതും ചേർത്ത് 81,209 രൂപ റമദാൻ റിലീഫ് ഫണ്ട് ബാക്കിയുണ്ട്. ഈ തുക മർഹൂം നാസറിനും ജനാബ് അലിഫിനും വീതിച്ചു നൽകാൻ 10 09 2023 കൂടിയ സെൻട്രൽ കമ്മറ്റിയിൽ തീരുമാനമായി. ജനാബ് അലിഫിനുള്ള തുക എത്രയും വേഗം നൽകാനും മർഹൂം നാസറിന്റെ തുക കമ്മറ്റി കൈവശ കൈവശം സൂക്ഷിച്ച ശേഷം വീടുപണി തുടങ്ങുമ്പോൾ നൽകാനും തീരുമാനിച്ചു.

റമദാൻ റിലീഫിന് അർഹരായവരെ തീരുമാനിക്കുന്നതിന് വ്യക്തമായ ഒരു മാനദണ്ഡം കൊണ്ടുവരണമെന്ന് ആവശ്യം പല നാളുകളായി ഉയർന്നുവരുന്നു. എന്നാൽ സമയക്കുറവ് മൂലം നാളിതുവരെയും ഇതിന് സാധിച്ചിട്ടില്ല. വരുംകാലങ്ങളിൽ എങ്കിലും ഇതിന് സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

## മറ്റു സാമ്പത്തിക സഹായങ്ങൾ :

പല സാമ്പത്തിക അഭ്യർത്ഥനകൾക്കും ബ്രാഞ്ചുകളുടെ ഇടയിൽ പിരിവ് നടത്തി സഹായിക്കുകയുണ്ടായി ചിലകൂർ മദ്രസ( 51,000 INR), മുൻസിറിന്റെ ആശ്രിതർക്ക് വേണ്ടിയുള്ള പിരിവ് (5,00,000INR), മയ്യത്തു പരിപാലനം (12,000 INR) ഹയാ ഫാത്തിമ ചികിത്സ ഫണ്ട് (1,83,505 INR) ജനാബ് റാഫി ഫാമിലി സഹായ ഫണ്ട് (5,01,688 INR) തുടങ്ങിയവയ്ക്ക് വേണ്ടി 12,48,193 INR പിരിച്ചു നൽകി. . കൂടാതെ മുൻസറിന്റെ

ആശ്രിതരുടെ സഹായത്തിനു ബ്രാഞ്ചുകൾ പിരിച്ചത് കൂടാതെ ഒരു റൌണ്ട് ഫിഗറിലെത്തിക്കാൻ രണ്ടു സഹോദരങ്ങളും റാഫി യുടെ ആശ്രിതരെ സഹായിക്കാൻ നാലു സഹോദരങ്ങളും തുറന്ന മനസ്സോടെ സഹായിച്ചിരുന്നു. തുടരെത്തുടരെ വരുന്ന സഹായ അഭ്യർത്ഥനകളിൽ അകമഴിഞ്ഞ് സഹായിച്ച എല്ലാ അംഗങ്ങളെയും ഈ കമ്മറ്റി അങ്ങേയറ്റം നന്ദിയോട് ഓർക്കുന്നു. എല്ലാ പേരിലും പരമകാരുണികന് കരുണയും അനുഗ്രഹവും സദാ വർഷിക്കുമാറാകട്ടെ.

നിർദേശങ്ങൾ ;

- ഇനാക്ടിവ് ആയ മെമ്പേഴ്സിനെ ആക്റ്റീവ് ആക്കി , എല്ലാ മാസവും കൃത്യമായി ചാരിറ്റി പിരിച്ചെടുക്കുക.
- ചാരിറ്റി കുടിശ്ശികയുള്ള മെമ്പേഴ്സിനെ കേന്ദ്ര തലത്തിലോ ബ്രാഞ്ച്തലത്തിൽ ഉത്തരവാദിത്തപ്പെട്ട ചുമതലകളിൽ നിന്ന് ഒഴിച്ചു നിർത്തുക.
- ചാരിറ്റി ഫണ്ടിന്റെ സുഗമമായ പിരിവിനു ഓൺലൈൻ / മൊബൈൽ ബാങ്കിങ് പോലുള്ള സംവിധാനങ്ങൾ പ്രയോജനപ്പെടുത്താവുന്നതാണ്.
- ചാരിറ്റി ആവശ്യമായി വരുന്ന അംഗങ്ങൾ സക്കാത്തിന് അവകാശികൾ ആണെങ്കിൽ അംഗങ്ങളിൽ നിന്ന് സക്കാത്തിന്റെ ഒരു വിഹിതം കളക്ട് ചെയ്ത് അവകാശികൾക്ക് എത്തിക്കുക
-

പ്രായോഗികമായിട്ടുള്ള ഒരു മെമ്പേഴ്സ് വെൽഫെയർ ഫണ്ട് ഈ കമ്മിറ്റി പരിശ്രമിച്ചിരുന്നെങ്കിലും ഫലം കാണാതെ പോയി. സെൻട്രൽ കമ്മിറ്റിയിൽ അർപ്പിതമായിരുന്ന കടമകളും കർത്തവ്യങ്ങളും ഭംഗിയായി നിർവഹിച്ചു എങ്കിലും പുതുതായി ഒരു പദ്ധതിയും ആവിഷ്കരിക്കാൻ കമ്മിറ്റിക്കായില്ല എന്നുള്ള വസ്തുതയും മറച്ചുവയ്ക്കുന്നില്ല. സെൻട്രൽ കമ്മറ്റി യുഎഇയിലും പ്രവർത്തനം നാട്ടിലും ആയതും ഒരു കാരണമാണ്. കമ്മറ്റിയുടെ പ്രഥമ ലക്ഷ്യങ്ങളായി പറഞ്ഞിരുന്ന, പെൻഷൻ സ്പോൺസർമാരെ കണ്ടെത്തുന്നതും , ചാരിറ്റി ഫണ്ടിന്റെ ബാലൻസ് ഉയർത്തുന്നതും, മെഡിക്കൽ സ്റ്റോർ ലാഭത്തിൽ കൊണ്ടുവരുന്നതുമടക്കം എല്ലാ കാര്യങ്ങളിലും വിജയം കണാനായി, പ്രസ്തുത വിജയത്തിന് സഹകരിച്ച എല്ലാ ബ്രാഞ്ചുകളെയും പ്രവർത്തകരെയും , മെമ്പേഴ്സിനെയും ഈ കമ്മറ്റി നന്ദിയോട് കൂടി ഓർക്കുന്നു.

# RATHICKAL KOOTTAYMA

## CENTRAL COMMITTEE 2022-2023

സേവനം, സഹായം, സൌഹൃദം, ഉന്നമനം

സെൻട്രൽ കമ്മിറ്റിയുടെ ഈ പ്രവത്തന റിപ്പോർട്ട് നിങ്ങളുടെ അംഗീകാരത്തിനും, പരിഗണക്കും , സജീവ ചര്ച്ചക്കും സമർപ്പിക്കുന്നു.

സെട്രൽ കമ്മറ്റിക്ക് വേണ്ടി

പ്രസിഡന്റ് സെക്രട്ടറി

'നന്മയിൽ സഹകരണം, തിന്മയിൽ നിസ്സഹകരണം'